# ദുരന്തങ്ങൾ വിലകൊടുത്തു വാങ്ങുന്നവർ

**കശ്മീരിന്റെ** കാര്യത്തിലാണെങ്കിൽ എന്തു വൃത്തികേടും പ്രചരിപ്പിക്കാമെന്നത് ഇന്ത്യൻ മാധ്യമങ്ങളുടെ വർഷങ്ങളായുള്ള നിലപാടാണ്. ഒരിക്കലും സത്യംപറയരുതെന്ന പിടിവാശി. നിലവിൽ ബി.ജെ.പിയും സഖ്യകക്ഷികളും നടത്തുന്ന സാമ്പത്തിക ഉപരോധം എടുക്കുക. കശ്മീരികളെ അക്ഷരാർഥത്തിൽ പട്ടിണിക്കിട്ടു കൊണ്ടാണ് അമർനാഥ് പ്രശ്നത്തിന്റെ പേരിൽ ജമ്മുവിലെ രണ്ട് ലോക്സഭാ സീറ്റ് അവർ ജയിക്കാനൊരുങ്ങുന്നത്. പട്ടിണിക്കിടുക എന്നത് വെറുതെയുള്ള ആരോപണമല്ല. താഴ്വരയിലേക്ക് മരുന്നും ഭക്ഷണപദാർഥങ്ങളും നീങ്ങാതായിട്ട് ഇതെഴുതുന്ന ദിവസം ഏതാണ്ട് രണ്ടാഴ്ച പിന്നിട്ടുകഴിഞ്ഞു. ബനിഹാൾ ചുരത്തിന്റെ അങ്ങേത്തലക്കൽ കശ്മീരിൽ നിന്നുള്ള പഴങ്ങളും പച്ചക്കറികളും ഇന്ത്യൻ നഗരങ്ങളിലേക്കു പ്രവേശിക്കാനാവാതെ കാത്തുകെട്ടിക്കിടക്കുകയാണ്. ഇപ്പുറത്ത് ചരക്കു ലോറികളുടെ കാര്യവും ഇതുതന്നെ. വർഷത്തിൽ ഒന്നോ രണ്ടോ തവണയാണ് ശരാശരി കശ്മീരിയുടെ വാർഷിക വിളവെടുപ്പ് നടക്കുന്നത്. അത് വിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ അവൻ സാമ്പത്തികമായി തകർന്നടിയും. കശ്മീരി ചത്താലും തുലഞ്ഞാലും നമുക്കെന്ത്? ബി.ജെ.പിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടു കിട്ടലല്ലേ ഇന്ത്യക്കാരന്റെ ദേശീയതാ ബോധവുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യം?

മുസഫറാബാദിലേക്ക് വിഘടനവാദികൾ മാർച്ച് നടത്തിയെന്നും വെടിവെപ്പിൽ ഒരു വിഘടനവാദി നേതാവ് കൊല്ലപ്പെട്ടുവെന്നും എഴുതിപ്പിടിപ്പിക്കുന്നവർ നുണപറയുന്നില്ലെങ്കിലും സത്യം പറയാതിരിക്കുകയാണ് ചെയ്യുന്നത്. ജീവൻ പിടിച്ചുനിർത്താനുള്ള അവസാനത്തെ വഴിയും തേടിയാണ് അവർ തങ്ങളുടെ ചരക്കുകൾ വിറ്റഴിക്കാനും അവശ്യസാധനങ്ങൾ വാങ്ങാനുമായി പാക്കധീന കശ്മീരിലെ മാർക്കറ്റുകളിലേക്ക് റാലി നടത്തിയത്. അതിർത്തിയിൽ പട്ടാളക്കാരുണ്ടാവുമെന്നും ജീവൻ പോകുമെന്നും അറിയാതെയായിരിക്കില്ല ഈ യാത്ര. പട്ടിണികിടന്ന് ചാവുന്നതും വെടിയേറ്റു ചാവുന്നതും തമ്മിൽ എന്തുണ്ട് വ്യത്യാസം? വർഷങ്ങളായി ജീവിതം ജയിലിനേക്കാൾ ദുരന്തപൂർണമായ അവസ്ഥയിലാണ് ഓരോ കശ്മീരിയും. സ്വാതന്ത്ര്യങ്ങളും മനുഷ്യാവകാശവും എന്നോ നഷ്ടപ്പെട്ട ഇക്കൂട്ടർക്ക് ഭക്ഷണവും മരുന്നും കൂടി നിഷേധിക്കുകയും എന്നിട്ട് ആത്മവഞ്ചന നടത്തുകയുമാണ് മാധ്യമങ്ങൾ.

പ്രശ്നത്തെ മർമം നോക്കി വിലയിരുത്തുന്നതിന് പകരം അതിൽ ഉൾപ്പെട്ടവന്റെ ജാതിയും മതവും ഏതെന്ന് നോക്കി വിലയിരുത്തുന്ന സമ്പ്രദായമാണ് ബി.ജെ.പിയുടേത്. രാജ്യാന്തര ബന്ധങ്ങളുടെ കാര്യത്തിൽ നേരത്തെ സ്വീകരിച്ചു കഴിഞ്ഞ ഈ നയം സംസ്ഥാനാന്തര ബന്ധങ്ങളുടെ കാര്യത്തിലേക്കു കൂടി പാർട്ടി വ്യാപിപ്പിക്കുന്നതിന്റെ അപകടം ആർക്കും മനസ്സിലാവുന്നേയില്ല. ആഭ്യന്തര ഛിദ്രതക്കാണ് അവർ വഴിമരുന്നിടുന്നത്. അമർനാഥ് ക്ഷേത്രത്തിന്റെ കാര്യം പോകട്ടെ. അങ്ങോട്ടുള്ളതിന്റെ ആയിരം മടങ്ങ് തീർഥാടകരെത്തുന്ന ശബരിമലയുടെ കാര്യത്തിൽ വികസന പദ്ധതികൾക്കു വേണ്ടി വനഭൂമി വിട്ടുകിട്ടാനുള്ള കേരളസർക്കാറിന്റെ ആവശ്യം ബി.ജെ.പി സർക്കാറിന്റെ കാലത്തു പോലും നടപ്പിൽ വരുത്താനായിട്ടില്ല. അമർനാഥ് ക്ഷേത്രത്തിന് ഗുലാംനബി ആസാദ് വിട്ടുകൊടുത്തത് പാകിസ്താന്റെ വക വനഭൂമിയൊന്നുമല്ലല്ലോ. ഇന്ത്യൻ നിയമമനുസരിച്ച വനഭൂമിയല്ലേ? കോൺഗ്രസ് സർക്കാർ നിയമം മറികടന്ന് നടത്തിയ ഈ നീക്കത്തെ കോടതിയിൽ ചോദ്യം ചെയ്താലറിയാം കാര്യങ്ങളുടെ കിടപ്പ്. പക്ഷേ വസ്തുതയെ വികാരങ്ങളുമായി ഉരുട്ടിക്കുഴച്ചാണ് രാഷ്ട്രീയക്കാരൻ യാഥാർഥ്യം മറച്ചു പിടിക്കുന്നത്. കശ്മീരിയോടു കേന്ദ്രം കാണിക്കുന്ന ഇരട്ടത്താപ്പ് ഒരു ഭാഗത്ത്. അവന്റെ കുട്ടികളുടെ കളിസ്ഥലങ്ങളും സ്കൂളുകളും ആശുപത്രികളുമൊക്കെ കൈയേറിയാണ് പലയിടത്തും പട്ടാളത്തിന്റെ ബാരക്കുകളുള്ളത്. അത് തിരിച്ചു കൊടുക്കാമെന്ന് പ്രധാനമന്ത്രി നേരിട്ട് ഹുർറിയത്തുമായി ധാരണയിലെത്തിയിട്ടും പാതി കെട്ടിടങ്ങൾ പോലും ഒഴിപ്പിച്ചെടുക്കാനായിട്ടില്ല. ജീവിതം എന്ന ദുരന്തം വേറൊരു ഭാഗത്ത്. അടിസ്ഥാനപരമായ ഈ ആവശ്യങ്ങൾക്കു നേരെ കണ്ണടക്കുന്നവരാണ് ദൽഹിയിൽ നിന്നും തീർഥാടനത്തിനു വരുന്നവർക്ക് സൗകര്യമൊരുക്കാൻ അത്യുൽസാഹം കാണിക്കുന്നത്. ഈ പ്രവൃത്തിയിലെ അസംബന്ധത്തിനു നേർക്ക് കശ്മീരി പ്രതികരിച്ചപ്പോൾ 'ഹിന്ദുക്കളുടെ ആരാധനാലയത്തിനു നേർക്ക് മുസ്‌ലിംകൾ കാണിച്ച അസഹിഷ്ണുത'തയായി ചിത്രീകരിക്കുക മാത്രമല്ല, അമർനാഥ് സംഘർഷ് സമിതി എന്നൊരു കപടവിലാസം തട്ടിക്കൂട്ടിയുണ്ടാക്കി സാമ്പത്തിക ഉപരോധം നടപ്പിലാക്കാനുള്ള ധിക്കാരം പോലും ബി.ജെ.പി കാണിച്ചു. ബി.ജെ.പിയുടെ ഭാഷയിൽ വിശദീകരിച്ചാൽ 'ഹിന്ദുക്കളുടെ ക്ഷേത്രത്തിനെതിരെ രംഗത്തിറങ്ങിയ മുസ്‌ലിംകൾ പട്ടിണികിടന്നു ചാവുന്നെങ്കിൽ ചാവട്ടെ!' കേന്ദ്രം ഭരിച്ച രാഷ്ട്രീയ പാർട്ടിയാണ് ഉത്തരവാദശൂന്യമായ ഇത്തരം നിലപാടുകളുമായി രംഗത്തു വരുന്നത് എന്നതാണ് അടിവരയിട്ടു മനസ്സിലാക്കേണ്ട കാര്യം.

നേർക്കുനേരെ പറഞ്ഞാൽ ഇസ്രയേൽ എന്താണോ ഗസ്സയിൽ ചെയ്യുന്നത് അതുതന്നെയാണ് ബി.ജെ.പിയും സഖ്യകക്ഷികളും കശ്മീരിൽ ചെയ്യുന്നത്. ഒരു ജനത ഭൂമിശാസ്ത്രപരമായ സൗകര്യങ്ങൾ ദുരുപയോഗം ചെയ്ത് രാജ്യത്തിനകത്തെ മറ്റൊരു ജനതയെ ഉപരോധിക്കൽ. കശ്മീരിനെ ഇന്ത്യയുടെ ഇതര ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ഏക റോഡുമാർഗമാണ് അമർനാഥ് ക്ഷേത്രസമരക്കാർ തടസ്സപ്പെടുത്തുന്നത്. പക്ഷേ അവർ മറക്കുന്ന തങ്ങളെ തന്നെ കുറിച്ച യാഥാർഥ്യങ്ങളുണ്ട്. അമർനാഥ് ക്ഷേത്രത്തിന്റെ സംരക്ഷണം ഇന്നും മുസ്‌ലിംകളുടെ കൈയിലാണുള്ളത്. ജമ്മുവിനെയും കശ്മീരിനെയും ഏകോപിപ്പിക്കുന്ന കണ്ണികൂടിയാണ് ഈ തീർഥാടന കേന്ദ്രം. തീവ്രവാദം കൊടുമ്പിരി കൊണ്ട നാളുകളിൽ പോലും അമർനാഥ് യാത്രികർക്കു നേരെ കാര്യമായ അക്രമസംഭവങ്ങൾ അരങ്ങേറിയിട്ടില്ല. ഏറ്റവുമൊടുവിൽ വന്ന റിപ്പോർട്ടുകളനുസരിച്ച്, വഴിയിൽ കുടുങ്ങിയ അമർനാഥ് യാത്രക്കാർക്ക് ഇക്കൊല്ലം മുസ്‌ലിംകളുടെ വക ഒരാഴ്ച നീണ്ടുനിന്ന സൗജന്യഭക്ഷണ വിതരണം പോലുമുണ്ടായിട്ടുണ്ട്. അടിസ്ഥാനങ്ങൾ അവഗണിച്ച് വൈകാരിക വിഷയങ്ങളെ കയറിപ്പിടിക്കുന്ന രാഷ്ട്രീയക്കാർ കൂടുതൽ ദുരന്തങ്ങൾ വിലകൊടുത്തു വാങ്ങുകയല്ലേ ചെയ്യുന്നത്? ■